# കേരളത്തിലെ നഗരങ്ങളിൽ ദുരന്ത ലഘൂകരണ സാധ്യതകൾ

(തിരുവനന്തപുരം നഗരസഭ ചെയ്തു വരുന്ന പരിപാടികളെ കുറിച്ചുള്ള വിശദീകരണം)

ഐക്യരാഷ്ട്ര സഭ 2007 ൽ നടത്തിയ പഠനം വെളിപ്പെടുത്തുന്നത് 2030 ആകുമ്പോഴേക്കും ഇന്ത്യയിലെ 40.7% ആളുകളും പട്ടണവാസികളാകും എന്നതാണ്. നഗരവൽകരണം വളരെ ദ്രുതഗതിയിലാണ് സംസ്ഥാനത്തു കണ്ടുവരുന്നത്. വികസനം പട്ടണങ്ങളിൽ ഒഴിച്ച് കൂടാൻ കഴിയാത്തതാണ്. എന്നാൽ വികസനത്തോടൊപ്പം ദുരന്തങ്ങളുടെ സാധ്യതകളും കൂടുന്നതായിട്ടാണ് നമ്മുടെ അനുഭവം മുന്നറിയിപ്പ് നൽകുന്നത്. ജനസാന്ദ്രത കൂടുന്നത് മുഖാന്തരം ദുരന്തങ്ങളുടെ ആഘാതവും കൂടുന്നു. ജീവനും വസ്തുവകകൾക്കും പരിസ്ഥിതിക്കും ഒരു തിരുച്ചു വരവ് അസാധ്യമാം വിധം നാശം വിതയ്ക്കുന്നു. കാലാവസ്ഥാ വ്യതിയാനം ഇതിന്റെയെല്ലാം ആക്കം കൂട്ടുന്നു. ഇതെല്ലാം ഊന്നുന്നത് നഗരത്തിന്റെ ദുരന്ത പ്രതികരണ ശേഷിയെയാണ്.


2010 മുതലാണ് തിരുവനന്തപുരം നഗരസഭയിൽ ഭാരത സർക്കാരിൻറെയും യു.എൻ.ഡി.പിയുടെയും സംയുക്ത പദ്ധതിയായി ദുരന്ത സാധ്യതാ കാലാവസ്ഥാ വ്യതിയാന പരിപാടി നടപ്പിലാക്കിയത്. ഇന്ത്യയിൽ പത്തു പട്ടണങ്ങൾ തിരഞ്ഞെടുത്തതിൽ ഒരു പട്ടണമായിരുന്നു തിരുവനന്തപുരം. റവന്യൂ ദുരന്ത നിവാരണ വകുപ്പാണ് ഈ പദ്ധതി സംസ്ഥാനത്തു നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ കീഴിൽ മാതൃകാപരമായ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. ഈ പ്രവർത്തനങ്ങൾ മറ്റു നഗരസഭകളിലേക്കും വ്യാപിപ്പിക്കാൻ കഴിയുന്നതാണ് എന്നതാണ് ഈ പരിപാടികളുടെ പ്രത്യേകത. കാരണം ഇന്ത്യയിലെ പത്തു പട്ടണങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

നഗരങ്ങളിൽ കണ്ടു വരുന്നതും വർധിക്കാൻ സാധ്യതയുമുള്ള ദുരന്തങ്ങൾ

- വെള്ളപ്പൊക്കം
- വരൾച്ച
- ഇടിമിന്നൽ
- ഭൂകമ്പം
- തീപിടുത്തം
- വിവിധ അപകടങ്ങൾ
- രാസ ദുരന്തങ്ങൾ
- പകർച്ചാ വ്യാധികൾ
- ഉത്സവങ്ങളിൽ ഉണ്ടായേക്കാവുന്ന ദുരന്തങ്ങൾ

താഴെ പറയുന്നവയാണ് ഈ പദ്ധതിയുടെ കീഴിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ.

### 1) നഗര ദുരന്ത ലഘൂകരണ ആസൂത്രണ രേഖ (City Disaster Management Plan)





ഏതൊരു ദുരന്തത്തെയും പ്രതിരോധിക്കുന്നതിനായി ആസൂത്രണം നടത്തേണ്ടതായിട്ടുണ്ട്. ആ രീതിയിൽ നഗര ദുരന്ത ലഘൂകരണ ആസൂത്രണ രേഖ വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ഈ പദ്ധതിയുടെ കീഴിൽ ഈ രേഖ തിരുവനന്തപുരം നഗരസഭാ തയ്യാറാക്കുകയുണ്ടായി. വിവിധ തലത്തിലുള്ള ആലോചന യോഗങ്ങൾക്കു ശേഷം തയ്യാറാക്കിയ ഈ രേഖ തിരുവനന്തപുരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ രേഖയിൽ ദുരന്ത സാധ്യതയുള്ള മേഖലകളെ തിരിച്ചറിയുകയും അവ അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയമായി തയ്യാറാക്കിയ ഭൂപടങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.




### 2) വാർഡ് തല ദുരന്ത ലഘൂകരണ ആസൂത്രണ രേഖ (Ward Disaster Management Plan)

നൂറ് വാർഡുകളാണ് തിരുവനന്തപുരം നഗരസഭയിൽ ഉള്ളത്. ഈ വാർഡുകളുടെ അപകട സാധ്യതകളെ കണ്ടെത്തി, തദ്ദേശ വാസികളെ ഉൾപ്പെടുത്തിക്കൊണ്ട് വാർഡ് തല ആസൂത്രണ രേഖ തയ്യാറാകുകയും, പ്രാദേശിക ഭൂപടങ്ങൾ തയ്യാറാകുകയും ചെയ്തു. രേഖയിൽ ഓരോ വാർഡിലെയും വിഭവ പട്ടിക തയ്യാറാകുകയും അവശ്യ വസ്തുക്കളുടെ വിവരവും ചേർത്തിട്ടുണ്ട്.

### 3) ദുരന്ത സാധ്യതാ അപഗ്രഥന പഠന റിപ്പോർട്ട് (Hazard Vulnerability Assessment)




പട്ടണത്തിന്റെ ദുരന്ത - അപകട സാധ്യതകളുടെ അപഗ്രഥനം സംസ്ഥാന അടിയന്തിര ഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. ഇത് ശാസ്ത്രീയമായി തയ്യാറാക്കിയ രേഖയാണ്. ഇതിൽ വിവിധ ദുരന്തങ്ങളെ കണക്കിലെടുത്തുകൊണ്ട് തയ്യാറാക്കിയ ഭൂപടങ്ങളും പഠനങ്ങളും വിവരിച്ചിട്ടുണ്ട്, അതുകൂടാതെ നഗര


പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ അപകട സാധ്യതയും പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ ഒടുവിൽ ശുപാർശകളും നൽകുന്നുണ്ട്.

### 4) സാമൂഹ്യാധിഷ്ഠിത ദുരന്ത സാധ്യതാ ലഘൂകരണ പരിപാടി (Community Based Disaster Risk Mitigation Programme)



ദുരന്ത ലഘൂകരണത്തിൽ സമൂഹത്തിനു വലിയ പങ്ക് വഹിക്കാനുണ്ട്. സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണത്തിൽ, വാർഡ് തലത്തിൽ തദ്ദേശീയരായവരെ വിവിധ ദൗത്യ സംഘങ്ങളായി (പ്രഥമ ശുശ്രൂഷ, തിരച്ചിൽ-രക്ഷപ്പെടുത്തൽ, ക്യാമ്പ് നടത്തിപ്പ്, ഒഴിപ്പിക്കൽ) രൂപീകരിക്കുകയും അവർക്കു വിദഗ്ദ പരിശീലനം നൽകുകയും ചെയ്തു. അടിയന്തിര പ്രതികരണത്തിൽ ഊന്നൽ നൽകി കൊണ്ട് ദുരന്തത്തിന് മുൻപ് - ദുരന്ത സമയത്തു - ദുരന്തത്തിന് ശേഷം എന്നീ മൂന്ന് ഘട്ടങ്ങളിലായി പത്തു മുതൽ പതിനഞ്ചു അംഗങ്ങൾ അടങ്ങുന്ന ദൗത്യ സംഘങ്ങൾ രൂപീകരിച്ചു. അങ്ങനെ ഏകദേശം 2500 പേരെ പരിശീലിപ്പിക്കുകയും അവരുടെ കാര്യശേഷി വർധിപ്പിക്കുകയും ചെയ്തു.

### 5) ദുരന്ത മുന്നറിയിപ്പ് സംവിധാന ആസൂത്രണ രേഖ (Early Warning Systems Plan)




ദുരന്ത ലഘൂകരണത്തിൽ ദുരന്ത മുന്നറിയിപ്പ് സംവിധാനങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. വ്യക്തവും കൃത്യതയുമുള്ള മുന്നറിയിപ്പിലൂടെ നഗര പരിധിയിൽ ഉണ്ടായേക്കാവുന്ന ദുരന്തങ്ങളുടെ മുന്നറിയിപ്പുകൾ നൽകുകയും അതിലൂടെ ആവശ്യമായ തയ്യാറെടുപ്പ് നടത്തുകയും ചെയ്യാവുന്നതാണ്.

### 6) സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺസിനും വാർഡ് കൗൺസിലേഴ്സിനും ഉള്ള ട്രെയിനിങ് (Training for Standing Committee Chairpersons & Councillors)



നഗരസഭാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൻസിനും, വാർഡ് കൗണ്സിലർസിനും ദുരന്ത ലഘൂകരണത്തിൽ നിരവധി പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ഇത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മേൽനോട്ടത്തിൽ നടത്തുകയും ചെയ്തു. ഈ പരിപാടിയിലൂടെ ദുരന്തങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ആവശ്യമായ

തയ്യാറെടുപ്പ് നടത്തുന്നതിനും ഇടയായി. ക്ഷേമ കാര്യ കമ്മിറ്റിയാണ് ദുരന്ത നിവാരണത്തിൻറെ ചുമതല വഹിക്കുന്നത്.

## 7) നഗര ദുരന്ത നിവാരണ കമ്മിറ്റിയും, സെല്ലും (City Disaster Management Committee & Cell)

ദുരന്ത നിവാരണം നഗരസഭയിൽ പ്രവർത്തനക്ഷമം ആകുന്നതിനും മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും നഗര ദുരന്ത നിവാരണ സെല്ലും, നഗര ദുരന്ത നിവാരണ കമ്മിറ്റിയും നിലവിൽ വരേണ്ടതുണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ദുരന്ത നിവാരണ സെൽ അവശ്യമായ ഒന്നാണ്, ആ സെല്ലിൽ ഒരു ഉദ്യോഗസ്ഥന്റെ സേവനം അനിവാര്യമാണ്. അതോടൊപ്പം നഗര ദുരന്ത നിവാരണ കമ്മിറ്റിയും രൂപീകരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുമായി സഹകരിച്ചു പ്രവർത്തിക്കേണ്ടതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ കേരളത്തിലെ ഏതൊരു നഗരസഭയിലും നടത്തുവാൻ കഴിയുന്നതാണ്. ഇതിൽ കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെയോ, തിരുവനന്തപുരം നഗരസഭാ ദുരന്ത നിവാരണ സെല്ലിനെയോ സമീപിക്കുക.